# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2657 — 12.03.2018-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകൾ പൂട്ടണമെന്ന സർക്കാർ തീരുമാനം

**ചോദ്യം**

**ശ്രീ. കെ.എൻ.എ. ഖാദർ**

(എ) അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകൾ പൂട്ടണമെന്ന സർക്കാർ തീരുമാനം വർഷങ്ങളായി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന ലക്ഷക്കണക്കിന് അദ്ധ്യാപകരെയും അനദ്ധ്യാപകരെയും എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ജീവനക്കാരെ എങ്ങനെ സംരക്ഷിക്കാനാണ് ഈ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇപ്രകാരം സ്കൂളുകൾ അടച്ച് പൂട്ടുന്നതു വഴി തൊഴിൽ നഷ്ടപ്പെടുന്ന ജീവനക്കാർക്ക് മറ്റെന്തെങ്കിലും ജോലി നൽകാനാകുമോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും

അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധവശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ട് അവ പാലിച്ച നിരവധി അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും 16.03.2016 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/ KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, പ്രസക്തമായ എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ചാണ് അനംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്.

സെക്ഷൻ ഓഫീസർ